# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 77 26.09.2016 -ൽ മറുപടിയ്ക്ക്

## അന്തർ സംസ്ഥാന നദീജല കരാർ

**ചോദ്യം**

**ശ്രീ. തോമസ് ചാണ്ടി**
**ശ്രീ. കോവൂർ കുഞ്ഞുമോൻ**
**ശ്രീ. സി. കെ. നാണു**
**ശ്രീ. കെ. കൃഷ്ണൻകുട്ടി**

(എ) 13.07.2016-ലെ അന്തർ സംസ്ഥാന നദീജല കരാർ സംബന്ധിച്ച ശ്രദ്ധക്ഷണിക്കലിന്, കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് ചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമമാണ് വേണ്ടതെന്നും തമിഴ് നാടുമായി ചർച്ച ചെയ്ത് ഇതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണെന്നുമുള്ള കേരള മുഖ്യമന്ത്രിയുടെ മറുപടി പ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പി.എ.പി. പാലക്കാട്, തമിഴ് നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി വകുപ്പുതലത്തിൽ അനൗപചാരിക ചർച്ച നടത്തുകയുണ്ടായി. തുടർ ചർച്ചകൾക്ക് തമിഴ് നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് തമിഴ് നാടിന്റെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ് നാടുമായി ചർച്ചകൾ നടത്തി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്.

ഈ വർഷത്തെ മഴലഭ്യത കുറഞ്ഞ സാഹചര്യത്തിൽ അടിയന്തരമായി, പി.എ.പി. കരാർ അനുസരിച്ച് ജലം നൽകാൻ തമിഴ് നാട് നടപടി സ്വീകരിക്കണമെന്ന് തമിഴ് നാട് മുഖ്യമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ